എറണാകുളം ജില്ലാ പഞ്ചായത്ത്
കാന്റീൻ

ഡിപി 05 /2023 തീയതി : 07.05.2023

## ക്വട്ടേഷൻ/ലേല പരസ്യം

എറണാകുളം ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതും ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചതുമായ കാന്റീൻ, ജൂസ് ബാർ എന്നിവ നടത്തുന്നതിന്റെ അവകാശം ലഭിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ പരസ്യലേലം നടത്തുന്നു. ലേലനിബന്ധനകൾ അനുബന്ധമായി നൽകുന്നു.

ലേലനിബന്ധനകൾ

1) ലേലം 25.08.2023 തീയതി 2.30 മണിക്ക് ആരംഭിക്കുന്നതാണ്. ലേലം ആരംഭിച്ചതിനു ശേഷം ആരെയും ലേലസ്ഥലത്ത് പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല.

2) ലേലത്തിൽ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഗ്രൂപ്പുകൾക്കോ പങ്കെടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം പങ്കെടുക്കുന്ന വ്യക്തികളും സ്ഥാപനത്തിന്റെ ഉടമയും ഗ്രൂപ്പംഗങ്ങളും വനിതകളായിരിക്കേണ്ടതാണ്.

3) സ്ഥാപനങ്ങൾ, ഗ്രൂപ്പുകൾ എന്നിവ ലേലത്തിൽ പങ്കെടുക്കുമ്പോൾ അവയുടെ പൂർണ്ണമായ മേൽവിലാസം നൽകുന്നതോടൊപ്പം സ്ഥാപന മേധാവിയുടെ /ഗ്രൂപ്പ് ലീഡറുടെ പൂർണ്ണമായ മേൽ വിലാസവും ഫോൺ നമ്പറും കൂടി നൽകേണ്ടതാണ്.

4) ലേലത്തിൽ പങ്കെടുക്കുന്നവർ 20,000/- രൂപ നിരതദ്രവ്യമായി കെട്ടി വെച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം ഉറപ്പിച്ച് ലഭിക്കാത്തവർക്ക് ടി തുക അവരുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതാണ്.

5) 11 മാസത്തേക്ക് കാൻറീൻ നടത്തുന്നതിനുള്ള അവകാശമായിരിക്കും ലേലം ചെയ്തു നൽകുക. എന്നാൽ തൃപ്തികരമെന്നു തോന്നുന്ന പക്ഷം കരാർ പുതുക്കി നൽകുന്നതായിരിക്കും. ലേലം വഴി മാസവാടക, സെക്യൂരിറ്റി തുക എന്നിവയാണ് നിശ്ചയിച്ചു നൽകുന്നത്.

6) ഇപ്രകാരം കരാർ പുതുക്കി നൽകുമ്പോൾ മാസവാടകയിൽ കുറഞ്ഞത് 5% വർദ്ധനവ് ഉണ്ടാകുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം ഭരണസമിതിക്ക് സെക്യൂരിറ്റി തുകയും വർദ്ധിപ്പിക്കാവുന്നതാണ്.

7) കാന്റീനിനായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടവും അനുബന്ധ സൗകര്യങ്ങളും കൂടാതെ മേശ, കസേര എന്നിവ ജില്ലാ പഞ്ചായത്ത് നൽകുന്നതാണ്.

8) എന്നാൽ ഗ്രൈൻഡർ, ഗ്യാസ്, സ്റ്റൗ, അടുപ്പ്, മിക്സി, ജ്യൂസർ, പാചകത്തിനുള്ള പാത്രങ്ങൾ, വിളമ്പുന്ന പാത്രങ്ങൾ, ഭക്ഷണം സ്റ്റോർ ചെയ്യുന്നതിനുള്ള പാത്രങ്ങൾ മുതലായവ ലേലം കൊള്ളുന്നയാൾ സജ്ജമാക്കേണ്ടതാണ്.

9) വൈദ്യുതികരം, വെള്ളക്കരം മുതലായ ആവർത്തന ചെലവുകൾ ലേലം കൊള്ളുന്നയാൾ വഹിക്കേണ്ടതാണ്.

10) കാന്റീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫുഡ് സേഫ്റ്റി ലൈസൻസ്, മുൻസിപ്പൽ ലൈസൻസ്, തുടങ്ങിയ എല്ലാ അനുമതി പത്രങ്ങളും ലേലം കൊള്ളുന്നയാളുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ആയിരിക്കുന്നതാണ്.

11) കാന്റീൻ കെട്ടിടത്തിനോ സൗകര്യങ്ങൾക്കോ ജില്ലാ പഞ്ചായത്തിന്റെ മുൻകൂർ അനുമതിയും സമ്മതവുമില്ലാതെ ഏതെങ്കിലും ചെറുതോ വലുതോ ആയ മാറ്റങ്ങൾ വരുത്തുവാൻ ലേലം കൊള്ളുന്നയാൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

12) കാന്റീൻ കെട്ടിടമോ സൗകര്യങ്ങളോ ലേലം കൊള്ളുന്നയാൾ മറ്റേതെങ്കിലും വ്യക്തിക്കോ ഗ്രൂപ്പിനോ സംഘടനകൾക്കോ അടിവാടകയ്ക്ക് നൽകുവാനോ കൈമാറുവാനോ അവകാശമുണ്ടയിരിക്കുന്നതല്ല.

13) കാന്റീൻ നടത്തിപ്പിനുള്ള അവകാശമല്ലാതെ കെട്ടിടത്തിൻമേലോ അനുബന്ധ സൗകര്യങ്ങളിൻമേലോ ലേലം കൊള്ളുന്നയാൾക്ക് യാതൊരു ഉടമസ്ഥാവകാശവും ഉണ്ടായിരിക്കുന്നതല്ല.

14) ലേലവ്യവസ്ഥയിലോ കരാറിലോ എന്തു തന്നെ അടങ്ങിയിരുന്നാലും ജില്ലാ പഞ്ചായത്തിന് യുക്തമായ കാരണങ്ങളാൽ ലേലം/കരാർ റദ്ദു ചെയ്യുന്നതിനുള്ള എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്.

15) ഓഫീസ് സമയം കഴിഞ്ഞും കാന്റീനും ജ്യൂസ് ബാറും പ്രവർത്തിപ്പിക്കാവുന്നതാണ്

16) ഞായർ, പൊതുഅവധി ദിവസങ്ങൾ ഒഴികെ എല്ലാ ദിവസങ്ങളിലും കാന്റീൻ പ്രവർത്തിപ്പിക്കേണ്ടതാണ്.

17) തക്കതായ കാരണം കൂടാതെ കാന്റീൻ അടച്ചിടാൻ ഇടയായാൽ ആയതിന് ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന പിഴ നൽകുവാൻ ലേലം കൊള്ളുന്നയാൾ ബാധ്യസ്ഥനായിരിക്കും.

18) കാന്റീനിൽ നിയമവിരുദ്ധമോ സാമൂഹ്യവിരുദ്ധമോ ആയ യാതൊരു പ്രവർത്തനങ്ങളും നടത്തുവാനോ, നടത്തതുവാൻ അനുവദിക്കുവാനോ, ഏതെങ്കിലും ബഹളം ഉണ്ടാക്കുവാനോ, അനാവശ്യമായി കൂട്ടം ചേരുവാനോ പാടുള്ളതല്ല.

19) കാന്റീനും അതിന്റെ സൗകര്യങ്ങളും ഉപയോഗിക്കുന്നതിനുള്ള മാസവാടക ലേലം ചെയ്യുന്ന അടിസ്ഥാന തുക ***50,000/-*** രൂപയും ഡെപ്പോസിറ്റിന്റെ അടിസ്ഥാന തുക ***5 ലക്ഷം*** രൂപയുമായിരിക്കും.

20) ലേലം കൊള്ളുന്നയാൾ കാന്റീനിൽ ഗുണമേന്മയുള്ളതും രുചികരവുമായ ഭക്ഷണം ഉറപ്പാക്കേണ്ടതാണ്. ഇതിലേയ്ക്കായി പരിശീലനം ലഭിച്ച പാചകക്കാരെ ലേലം കൊള്ളുന്നയാൾ നിയോഗിക്കേണ്ടതാണ്.

21) കാന്റീനിൽ ലഭിക്കുന്ന ഭക്ഷണം സംബന്ധിച്ചും അതിന്റെ വില വിവരങ്ങൾ സംബന്ധിച്ചുമുള്ള ബോർഡ് കാന്റീനിനു മുന്നിൽ ഏവർക്കും ദൃശ്യമാകുന്ന വിധം ലേലം കൊള്ളുന്നയാൾ പ്രദർശിപ്പിക്കേണ്ടതാണ്.

22) ജില്ലാ പഞ്ചായത്ത് ജീവനക്കാർക്കും, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾക്കും പൊതുജനങ്ങളിൽ നിന്നും ഭക്ഷണത്തിന് ഈടാക്കുന്ന തുകയുടെ പകുതി നിരക്കിൽ ഭക്ഷണവും പാനീയങ്ങളും വിതരണം ചെയ്യേണ്ടതാണ്.

23) എന്നാൽ ഈ നിരക്ക് ഏതെങ്കിലും പാർസൽ നൽകുന്നതിന് ബാധകമല്ലാതായിരിക്കുന്നതും കാന്റീന് പുറത്ത് ജില്ലാ പഞ്ചായത്ത് ഓഫീസിലും മറ്റും പാർസൽ അല്ലാതെ നൽകുന്നതിന് ബാധകമായിരിക്കുന്നതുമാണ്.

24) കാന്റീനും അടുക്കളയും, പരിസരവും വളരെ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

25) ഭക്ഷണം പാചകം ചെയ്യുന്ന പാത്രങ്ങൾ യഥാവിധി വൃത്തിയാക്കേണ്ടതും അണുവിമുക്തമായി സൂക്ഷിക്കേണ്ടതുമാണ്.

26) ഭക്ഷണം കഴിക്കാനുപയോഗിക്കുന്ന പാത്രങ്ങൾ അടുത്ത ആൾക്ക് നൽകുന്നതിന് മുമ്പ് ചൂടുവെള്ളവും സോപ്പും ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ടതാണ്.

27) കാന്റീനിലെ മുഴുവൻ ജീവനക്കാരും യൂണിഫോം ധരിക്കേണ്ടതാണ്.

28) യൂണിഫോമിന്റെ പാറ്റേണും ഡിസൈനും ജില്ലാ പഞ്ചായത്ത് നൽകുന്നതാണ്.

29) കാന്റീനിൽ ഉണ്ടാകുന്ന ജൈവ/അജൈവ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.

30) കാന്റീൻ ഹരിതപ്രോട്ടോകോൾ പാലിച്ച് നടത്തേണ്ടതാണ്. നിരോധിത പ്ലാസ്റ്റിക്, പി.വി.സി. വസ്തുക്കൾ മുതലായവ ഉപയോഗിക്കാവുന്നതല്ല.

31) ഭക്ഷണം നൽകുന്നതിന് യാതൊരു കാരണവശാലും പേപ്പർ പ്ളേറ്റുകൾ, പേപ്പർ ഗ്ളാസുകൾ എന്നിവ ഉപയോഗിക്കാവുന്നതല്ല.

32) കാന്റീൻ കെട്ടിടവും ജില്ലാ പഞ്ചായത്ത് നൽകുന്ന സാധനസാമഗ്രികളും കേടുകൂടാതെയും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്. ഇവയ്ക്ക് എന്തെങ്കിലും കേടുപാടുകളോ വൃത്തിഹീനതയോ നാശനഷ്ടമോ സംഭവിക്കാനിടയായാൽ ആയതിന്റെ നഷ്ടം ലേലം കൊള്ളുന്നയാളിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് ഈടാക്കുന്നതാണ്.

33) ലേലത്തോടൊപ്പം സീൽ വച്ച കവറിൽ ക്വട്ടേഷൻ കൂടി നൽകാവുന്നതാണ്. ലേലത്തിനു ശേഷം ക്വട്ടേഷൻ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

34) ലേലം / ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്നവരുടെ പേരിൽ ഭരണ സമിതി തീരുമാനത്തിനു വിധേയമായി ലേലം ഉറപ്പിക്കുന്നതാണ്. ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേല തുകയുടെ 25% അന്നേ ദിവസം തന്നെ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

35) ലേലം കൊള്ളുന്നവർ ജില്ലാ പഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്.

36) ലേലത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ പൂർണ്ണമായ മേൽവിലാസവും ഫോൺനമ്പറും ഒപ്പും ലേല രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

37) ലേലം കൊള്ളുന്നയാൾ ജില്ലാ പഞ്ചായത്തിന്റെ ഓർഡർ ലഭിക്കുന്ന മുറയ്ക്ക് പരമാവധി 15 ദിവസങ്ങൾക്കകം കാന്റീൻ പ്രവർത്തിപ്പിക്കുവാൻ തയ്യാറാകാതിരിക്കുകയോ ജില്ലാ പഞ്ചായത്തിന്റെ കത്തിടപാടുകൾക്ക് മറുപടി നൽകാതിരിക്കുകയോ ചെയ്താൽ ടിയാളുടെ ഡെപ്പോസിറ്റ് തുക ജില്ലാ പഞ്ചായത്തിലേക്ക് കണ്ടു കെട്ടുന്നതും രണ്ടാമത്തെ കൂടിയ തുക ക്വാട്ടു ചെയ്തവരുടെ പേർക്ക് കാന്റീൻ നടത്തിപ്പ് അവകാശം നൽകുന്നതും വ്യത്യാസമുള്ള തുക ആദ്യം ലേം കൊണ്ടയാളിൽ നിന്നും റവന്യു റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ സ്വീകരിച്ച് ഈടാക്കുന്നതുമാണ്.

38) ലേലതുക (വാടക ) അടവാക്കുമ്പോൾ അതാതു കാലങ്ങളിൽ നിലവിലുള്ള ജി.എസ്.റ്റി. നിരക്ക് ബാധകമായിരിക്കും.

39) ലേലം കൊള്ളുന്നവർ എല്ലാ മാസവും മൂന്നാം തീയതിക്കു മുമ്പായി വാടക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

DISTRICT PANCHAYAT ERNAKULAM

സെക്രട്ടറി

Secretary
District Panchayat
Ernakulam